LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി

159 (3443) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാരക രോഗങ്ങൾക്ക് കാരണമാകുന്ന കീടനാശിനികൾ ഉപയോഗിക്കുന്ന, അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന, പച്ചക്കറികളും പഴങ്ങളും നിരോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

അന്യ സംസ്ഥാനങ്ങളിൽനിന്നു വരുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും പരിശോധിക്കാൻ ഉള്ള നടപടി സ്വീകരിക്കുന്നതാണ്.

കൃഷി ഫാമുകൾ

160(3444) ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നു ; അവയുടെ പേര് വിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ ഫാമിനും എത്ര രൂപ വീതം നൽകി ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ഫാമും പ്രതിവർഷം എത്ര രൂപ നഷ്ടത്തിലാണ് ;

(ഡി) ഏതെല്ലാം ഫാമിലെ ഭൂമി പാട്ടത്തിന് അല്ലെങ്കിൽ കരാർ കൃഷിയ്ക്ക് നൽകിയിട്ടുണ്ട് ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*
(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*
(സി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം

കോക്കനട്ട് നഴ്സറി, വലിയതുറ - 39 സെന്റ് സ്ഥലം സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ214/14/ആർ.ഡി. തീയതി 23-9-2014 പ്രകാരം തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

ആലപ്പുഴ

മാവേലിക്കര ഫാം - മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ 1.2 ഹെക്ടർ സ്ഥലം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഹോർട്ടി കോർപ്പിന് പാട്ട വ്യവസ്ഥയിൽ വിട്ട് നൽകിയിട്ടുണ്ട്. വീയപുരം, അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിലെ ഭൂമി പാട്ടത്തിനോ കരാർ കൃഷിക്കോ നൽകിയിട്ടില്ല.

കോട്ടയം

ജില്ലാ കൃഷിത്തോട്ടം, വാലാച്ചിറ-കരാർ/പാട്ടകൃഷിക്ക് ഭൂമി നൽകിയിട്ടില്ല. എന്നാൽ ഫാമിൽ നിന്നും 30 ഏക്കർ ഭൂമി സയൻസ്&ടെക്നോളജി വകുപ്പിന് കൈമാറി.

ഇടുക്കി

ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ-സ.ഉ.(കൈ)നമ്പർ 488/13/റവന്യൂ വകുപ്പ്, തിരുവനന്തപുരം തീയതി 1-11-2013 പ്രകാരം ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ ഫാമിന്റെ 10 ഏക്കർ സ്ഥലം കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ ഫാക്ടറി പണിയുന്നതിനായി വിട്ടുകൊടുത്തിട്ടുണ്ട്.

എറണാകുളം

ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം - നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ 20 ഹെക്ടർ ഭൂമി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയിട്ടുണ്ട്.

പാലക്കാട്

സ്റ്റേറ്റ് സീഡ് ഫാം, മുതലമട - ഇവിടെനിന്നും 1.6 ഹെക്ടർ ഭൂമി കേരള ഫീഡ്സ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly